**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3344** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിൽ കടൽ തീരങ്ങൾക്കുള്ള സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിശാലവും പ്രകൃതിരമണീയവുമായ കടൽത്തീരങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾക്ക് ആസ്വാദ്യമായവിധം ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന നൂതനമായ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വിശാലവും പ്രകൃതിരമണീയവുമായ കടൽത്തിരങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര-വിദേശ വിനോദസഞ്ചാരികൾക്ക് ആസ്വാദ്യമായ വിധം സാഹസിക വിനോദങ്ങളും അന്തർദേശീയ നിലവാരത്തിലുള്ള സാഹസിക ഫെസ്റ്റിവെല്ലുകളും സംഘടിപ്പിച്ചു വരുന്നു. ജലസാഹസിക വിനോദ രംഗത്ത് പുത്തൻ ഉണർവേകുന്നതിനായി സംസ്ഥാനത്തെ തീരദേശമുള്ള ജില്ലകളിൽ 9 എണ്ണത്തിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബേപ്പൂർ, ബേക്കൽ, മുഴിപ്പിലങ്ങാട്, താനൂർ, ചാവക്കാട്, വർക്കല, കുഴിപ്പള്ളി എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന അഡ്വഞ്ചർ ടൂറിസത്തിന്റെയും ഉത്തരവാദിത്ത ടൂറിസം മിഷന്റെയും നേതൃത്വത്തിൽ സർഫിംഗ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായി രൂപീകരിക്കുകയും അവരെ ചേർത്ത് കൊണ്ട് കേരളത്തിൽ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇന്റർനാഷണൽ സർഫിംഗ് ഫെസ്റ്റിവലും സംഘടിപ്പിക്കുന്നുണ്ട്. വാട്ടർ സ്പോർട്സ് പ്രേമികൾക്ക് സർഫിംഗ് എന്ന പുതിയ കായിക വിനോദവും അതിന്റെ ജീവിതരീതിയും ആസ്വദിക്കാനുള്ള അവസരവും ഇത്തരം ഈവന്റുകളിൽ നൽകുന്നതാണ്. ബേക്കൽ ബീച്ച് ഫെസ്റ്റ്, ബേപ്പൂർ വാട്ടർ ഫെസ്റ്റ് എന്നിവ വൻതോതിൽ ടൂറിസ്റ്റുകളെ ആകർഷിയ്ക്കുന്ന പരിപാടികളാണ്. |
| (ബി) | തീരജനതയുടെ പങ്കാളിത്തവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതി നിർവഹണത്തിൽ ഇവരുടെ | (ബി) | തീരജനതയുടെ പങ്കാളിത്തവും പുരോഗതിയും ലക്ഷ്യമാക്കിയുള്ള പദ്ധതി പ്രവർത്തനങ്ങളാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇത്തരം പദ്ധതി നിർവഹണത്തിൽ |

| | | | |
|---|---|---|---|
| | സഹായ-സഹകരണങ്ങൾ ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടോ; | | ഇവരുടെ സഹായ - സഹകരണങ്ങൾ ഉറപ്പാക്കുന്നതിന് പരിഗണന നൽകി വരുന്നു. |
| (സി) | സംസ്ഥാനത്തെവിടെയെല്ലാമാണ് നിലവിൽ ബീച്ച് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുള്ളത്; ഓരോന്നിന്റേയും സംഘാടനം, സവിശേഷത എന്നിവ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ ബീച്ച് ഫെസ്റ്റ് സംഘടിപ്പിക്കുന്നുണ്ട്. ഏതെങ്കിലും സംഘടനകളോ, അസ്സോസിയേഷനുകളോ, ക്ലബ്ബുകളോ ബീച്ച് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നപക്ഷം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് അനുവദിക്കാറുണ്ട്. ബേപ്പൂർ വാട്ടർ ഫെസ്റ്റ് ഡി.റ്റി.പി.സി. സംഘടിപ്പിയ്ക്കുന്ന ബീച്ച്ടൂറിസം വാട്ടർഫെസ്റ്റ് ആണ്. ബേക്കൽ ബീച്ച് ഫെസ്റ്റ് മലബാറിലെ പ്രമുഖ ബീച്ച് ഫെസ്റ്റായി വളർന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ